**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3665** **27-06-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെയും ഗവേഷകരുടെയും പേറ്റന്റുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകരും ഗവേഷകരും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര പേറ്റന്റുകൾ കരസ്ഥമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരള സർവ്വകലാശാലയുടെ കീഴിൽ 8 പേറ്റന്റുകളും, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2018 മുതൽ ഇന്നുവരെ 27 പേറ്റന്റുകളും കാലിക്കറ്റ് സർവ്വകലാശാലയിൽ 6 പേറ്റന്റുകളും കണ്ണൂർ സർവ്വകലാശാലയിൽ 20 പേറ്റന്റുകളും കുസാറ്റിൽ 29 പേറ്റന്റുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 2021 വർഷം മുതൽ 34 പേറ്റന്റുകളും കരസ്ഥമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ദേശീയ ജേണലുകളിലും അന്തർദേശീയ ജേണലുകളിലും എത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | കേരള സർവ്വകലാശാലയിൽ 7051 പ്രബന്ധങ്ങളും, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 4785 പ്രബന്ധങ്ങളും, കാലിക്കറ്റ് സർവ്വകലാശാലയിൽ 2770 പ്രബന്ധങ്ങളും, കണ്ണൂർ സർവ്വകലാശാലയിൽ 535 പ്രബന്ധങ്ങളും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 401 പ്രബന്ധങ്ങളും ന്യൂവാൽസിൽ 2015-2023 കാലഘട്ടത്തിൽ 27 പ്രബന്ധങ്ങളും കുസാറ്റിൽ 5174 പ്രബന്ധങ്ങളും ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ 210 പ്രബന്ധങ്ങളും ദേശീയ അന്തർദേശീയ ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കലാലയങ്ങളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ കലാലയങ്ങളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരള സ്റ്റാർട്ട് അപ് മിഷൻ മുഖേന 162 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രീ ഇങ്കുബേൽൻ, ഐഡിയേഷൻ ഘട്ടത്തിലായി 149 സംരംഭങ്ങളുമുണ്ട്. |

സെക്ഷൻ ഓഫീസർ